പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3559 10.04.2013-ൽ മറുപടിക്ക്

## ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, കെ. അച്ചുതൻ<br>,, കെ. മുരളീധരൻ<br>,, വി. ഡി. സതീശൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ; | എ) തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളുടെ വികസനത്തിനായി ജനപങ്കാളിത്തത്തോടുകൂടിയുള്ള പദ്ധതികൾ ആവശ്യാധിഷ്ഠിതമായും സാമൂഹ്യ പരിഷ്കരണങ്ങളോടുകൂടിയും ഏറ്റവും വേഗത്തിൽ നടപ്പാക്കുക എന്നതാണ് ജെ.എൻ.എൻ.യു.ആർ.എം ലൂടെ ലക്ഷ്യമിടുന്നത്. |
| ബി) നഗരവികസനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | ബി) പ്രസ്തുത പദ്ധതിയിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.<br>• നഗരപുനരുദ്ധാരണം<br>• ശുദ്ധജല വിതരണം<br>• മാലിന്യ നിർമ്മാർജ്ജനവും ഖരമാലിന്യ സംസ്കരണവും<br>• ഓടകളുടേയും, അധികജല നിർഗ്ഗമനത്തിനുള്ള ചാലുകളുടേയും നിർമ്മാണവും നവീകരണവും.<br>• നഗരഗതാഗതം.<br>• പൊതുസ്വകാര്യ പങ്കാളിത്താടിസ്ഥാനത്തിൽ പാർക്കിംഗ് സ്ഥലങ്ങൾ.<br>• പൈതൃക പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വികസനം.<br>• മണ്ണൊലിപ്പും മണ്ണിടിച്ചിലും തടയുക.<br>• ചേരികളുടെ സമഗ്രവികസനം. |
| സി) സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്നത്; | സി) കെ.എസ്.യു.ഡി.പി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ തിരുവനന്തപുരം, കൊച്ചി എന്നീ നഗരസഭകളിലാണ് നടപ്പിലാക്കുന്നത്. തിരുവനന്തപുരം നഗരത്തിലെ പദ്ധതിയുടെ 80 ശതമാനം കേന്ദ്ര സഹായവും ബാക്കി 10 ശതമാനം വീതം കേരള സർക്കാരും നഗരസഭയുമാണ് വഹിക്കേണ്ടത്. കൊച്ചിയിൽ ഇത് യഥാക്രമം 50% (കേന്ദ്രവിഹിതം) 30% (സംസ്ഥാന വിഹിതം), 20% (നഗരസഭ വിഹിതം) എന്ന രീതിയിലാണ്. IHSDP/ BSUP പദ്ധതികൾ |

ക്കായി ആകെ 435.16 കോടി രൂപ കേന്ദ്രസർക്കാർ നീക്കി വച്ചിട്ടുണ്ട്. ഇതിൽ 252.74 കോടി രൂപ ഇതുവരെ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

ഡി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ ?

ഡി) പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മന്ത്രിതലത്തിലും, കൂടാതെ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, തുടങ്ങി വകുപ്പ്തലത്തിലും, നോഡൽ ഏജൻസി തലത്തിലും അവലോകന യോഗങ്ങൾ വിളിച്ചു ചേർക്കുകയും, വിലയിരുത്തലുകളും, പദ്ധതികൾ സമയ ബന്ധിതമായി തീർക്കുവാനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ